

# കളിപ്പാട്ടം

little

KITEs kottoor unit

ലിറ്റിൽ കൈറ്റ്സ് മാഗസിൻ 2 k 19

# ആമുഖം

നാടോടുമ്പോൾ നടുവേ ഓടണമെന്നാണല്ലോ... അതെ ഞങ്ങൾ ഹരിശ്രീ കുറിക്കുകയാണ് . ഓളത്തുമ്പിനെയും വേനൽവരുതിയെയും ജീവിതച്ചുഴികളേയും ഞെക്കിപ്പിഴിഞ്ഞെടുത്ത രുവെള്ളക്കടലാസുകളെ വിരൽത്തുമ്പിലേക്ക് വിവർത്തനം ചെയ്യുന്നു .അക്ഷരങ്ങളെ അറിവാക്കി അറിവിനെ നിറവാക്കി കഥകളും കവിതകളും മെനഞ്ഞെടുത്ത് കാലത്തിനോപ്പം തുഴയെറിയുന്നിവിടെ...... ചുമരിൽ കൊറിയിട്ട വരകേളയും കരിക്കട്ടകളാൽ ചാലിച്ചെടുത്ത ഉപത്രപങ്ങളേയും ഇവിടെ വാക്കുകളായ് ആലേഖനം ചെയ്തിരിക്കുന്നു.

ലോകം മടിതട്ടിലേക്ക് വിരുന്നെത്തുമ്പോൾ വിവരവും വിവരസാങ്കേതിക വിദ്യയും വിജയത്തിന്റെ കൊടി പറത്തുന്നു. വീണ്ടും തളരുന്ന സ്നേഹാക്ഷരങ്ങളെ മനുഷ്യമനസ്സിനൊപ്പം ഉൾച്ചേർത്തെടുക്കുമ്പോൾ വായിച്ചെടുക്കാം.....ചന്ദ്രനിൽനിന്നായാലും ചാരുബെഞ്ചിലിരുന്നായാലും..... .

മനുഷ്യനെവിടെയെല്ലാം ഇഴപിരിയാത്ത വാക്കുകളുണ്ട്....വർണ്ണങ്ങളുണ്ട്.....

ഇവിടെയും കൊരുത്തെടുത്തിരിക്കുന്നു.... ചിലതോന്ന്യാക്ഷരങ്ങൾ..... ഞങ്ങൾ ഏറെയവകാശപ്പെടുന്നില്ല.....പിഴവുകൾ നാളേക്കുള്ള തിരിച്ചു വരവിന്റെ പടവുകളാണ് എന്നറിഞ്ഞുകെണ്ടുതന്നെ സ്നേഹപൂർവ്വം സമർപ്പിക്കുന്നു

ഈ സമീക്ഷ

ജാസിയ ജിനാൻ

9-D

ലിറ്റിൽ കൈറ്റ്സ് e- magazine ന് എന്റെ എല്ലാ വിധ ആശംസകളും നേരുന്നു..

HEAD MASTER
BASHEER KURUNIYAN

"wish you all the best "

I t co- ordinator
Rejith . p

കളിപ്പാട്ടം എന്ന മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു..

kite master
mohammed suhail

"All the best , KALIPPATTAM MAGAZINE "

kite mistress
saibunissa k.k

# EDITORIAL BOARD

- NIYAS
- SOORAJ
- SHAHIL
- RAZAL
- NINANDH
- JAVAD
- SIHASUDHEEN
- RISWANA
- ASNA SHERIN
- THESLEENA
- ADHLA
- SHIFANA
- SHIFNA
- JASIYA JINAN

# ഉള്ളടക്കം


| SL NO | NAME OF LITERATURE | PAGE NO |
|---|---|---|
| 1 | കർമ്മപാതയിലെ രാജശിൽപി | 8 |
| 2 | പുഴയുടെ അന്ത്യം | 19 |
| 3 | നവ കേരളം | 21 |
| 4 | തോണികൾ | 22 |
| 5 | തിരിച്ചു വരാത്ത കാലം | 23 |
| 6 | കുഞ്ഞിക്കിളി | 24 |
| 7 | വന്ദിക്കാം നമുക്ക് വയോജനങ്ങളെ.. | 25 |
| 8 | കവിത | 29 |
| 9 | TEARS | 31 |
| 10 | പാട വരമ്പിലൂടെ | 32 |
| 11 | ഓർകൾ ബാക്കിവെച്ചത് | 33 |
| 12 | നാട്ടു വഴികളോടുള്ള പ്രേമം | 35 |
| 13 | A HEINOUS NIGHT | 38 |
| 14 | ഇരുളകന്ന ജീവിതം | 40 |
| 15 | കാലം | 42 |
| 16 | നനഞ്ഞുണങ്ങിയപ്പോൾ | 44 |

| | | |
|---|---|---|
| 17 | പ്രളയം ശേഷിപ്പിച്ച പാഠം | 48 |
| 18 | LONELY WAYS | 51 |
| 19 | ചങ്ങാടം | 54 |
| 20 | മന്ദഹാസം | 55 |

## <u>അഭിമുഖം</u>

# കർമ്മപാതയിലെ രാജശിൽപി

ജനനം: 1932 ജൂൺ 23

അച്ഛൻ: നീലകണ്ഠൻ മൂസ്സത്

അമ്മ: അമ്മാളുവമ്മ

ജന്മദേശം :കറുകപുത്തൂർ, പാലക്കാട്

ഇന്ത്യയുടെ മെട്രോമാൻ ഇ. ശ്രീധരനുമായി നമ്മുടെ കൂട്ടുകാർ നടത്തിയ കൂടികാഴ്ച :

കല്ലിപ്പറമ്പിലെ വിശാലമായ തോട്ടത്തിൽ കൂറ്റൻ മാവിന്റെ തണലിലിരുന്ന് പുതിയൊരു കളിപ്പാട്ടമുണ്ടാക്കുകയാണ് ആറുവയസ്സുകാരൻ അനിയൻ . അവന്റെ കയ്യിൽ പാടത്തു നിന്നും പറിച്ചു കൊണ്ടുവന്ന അഞ്ചെട്ടു പയറുകളും തെങ്ങിൽ നിന്നും ചീന്തിയെടുത്ത് മിനുക്കിയ രണ്ട മൂന്ന് പച്ച ഈർക്കിലുമുണ്ട് . പയറുകൾ ശരിക്കും സമാന്തരങ്ങളാണെന്നുറപ്പു വരുത്തിക്കൊണ്ട്

മൂന്നിഞ്ചോളം  അകലം വെച്ച് ഈർക്കിൽ മുറിച്ചുകൊണ്ട് പയറുകളിൽ ബന്ധിച്ച് അവനൊരു കുഞ്ഞു പയർകോണിയുണ്ടാക്കു

ന്നു. പിന്നീട് പറമ്പിൽ വീണുകിടക്കുന്ന മച്ചിങ്ങകൾ പെറുക്കിയെടുത്ത് അവയെ നിശ്ചിത അകലത്തിൽ ഈർക്കിൽ കൊണ്ട് കൂട്ടിയിണക്കി ഒരു പ്ലാവില വളച്ചെടുത്ത് വാഴനാരിന്റെ നീണ്ട കയറിൽ കൊരുത്തു നോക്കുന്നു. "ഇതെന്തു കളിപ്പാട്ടമാ അനുക്കുട്ടാ" എന്ന് സാകൂതം ചോദിക്കുന്ന അവർക്കു മുമ്പിൽ അവനൊരു സൂത്രം കാണിക്കുന്നു. തന്റെ മച്ചിങ്ങാ വണ്ടിയെടുത്ത് പയർപാളത്തിലൂടെ മെല്ലെ വലിച്ചോടിച്ചു കൊണ്ട് കൂ,കൂ തീവണ്ടി.... എന്നു വിളിച്ചാർക്കുന്നു.

അതെ പിന്നീടങ്ങോട്ട് കൂകിപ്പാഞ്ഞ് ഈ അനിയൻ കുട്ടി ഇന്ത്യയുടെ മെട്രോമാനിലെത്തി നിൽക്കുന്നു . വികസിത രാഷ്ട്രങ്ങൾക്കൊപ്പം കുതിക്കാൻ  ഇന്ത്യക്ക് അദ്ദേഹം ആത്മ വിശ്വാസത്തിന്റെ ഉരുക്കു ചക്രം നൽകി . ആ ചക്രത്തിലേറി ഇന്ത്യ ഇന്ന് മുന്നോട്ട് ഓടുകയാണ്. ഒപ്പം കേരളത്തിന്റെ അഭിമാനവും. രാഷ്ട്രം അദ്ദേഹത്തിന് പത്മവിഭൂഷൺ നൽകി ആദരിച്ചപ്പോഴും ആ ബഹുമതികളോരോന്നും  ഏറ്റുവാങ്ങിയത് നമ്മളിൽ

ഓരോരുത്തരുമായിരുന്ന

?: കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി താങ്കളുടെ നേതൃത്വത്തിൽ നടന്നു കൊണ്ടിരിക്കുകയാണല്ലോ. കോഴിക്കോട് പോലെത്തന്നെ വളരെയധികം വാഹന സാന്ദ്രതയേറിയ ഒരു നഗരമാണ് മലപ്പുറവും. ഓരോ കൊല്ലവും. ഇവിടെ ഒരു ലക്ഷത്തിനടുത്ത് വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. അത് കൊണ്ട് ഇതുപോലൊരു മെട്രോ പദ്ധതി ഇവിടെ നടപ്പിലാക്കുന്നതിൽ താങ്കളുടെ അഭിപ്രായമെന്താണ് ?

*: മെട്രോ എന്നത് വളരെ അധികം പണച്ചിലവുള്ള പദ്ധതിയാണ്. ഇതിന്റെ ഒരു കിലോമീറ്റർ പാളത്തിന് ഏകദേശം 20 കോടിയോളം ചിലവ് വരും . ഈയൊരു പദ്ധതി ഇവിടെ നടപ്പിലാക്കണമെങ്കിൽ ഇതിൽ കയറുവാൻ ആളുകളും ധാരാളം വേണ്ടിവരും . മലപ്പുറത്ത് കൊച്ചിയും കോഴിക്കോടും പോലെ അത്ര ജനസാന്ദ്രതയില്ല എന്നത് കൊണ്ട്തന്നെ ഈയൊരു പദ്ധതി സർക്കാറിന് നഷ്ടം വരുത്തും . അതുകൊണ്ടാണ് മലപ്പുറത്ത് ഇങ്ങനെ ഒരു പദ്ധതി ആവിഷ്കരിക്കാത്തത് .

?: മഹത്തായ നേട്ടം കൈ വരിച്ചവരെല്ലാം നല്ല വായനാ ശീലം ഉള്ളവരും കൂടിയായിരുന്നു. വായന

സാറിനെ സ്വാധീനിച്ചിട്ടുണ്ടോ ? സാറിനെ ആകർഷിച്ചിട്ടുള്ള പുസ്തകങ്ങൾ ഏതൊക്കെയാണ് ? ഇവയാണോ ജീവിതത്തിന് വഴികാട്ടിയായത്?

* :എന്റെ ചെറുപ്പകാലത്ത് എനിക്ക് വലിയ വായനാശീലമൊന്നുമുണ്ടായിരുന്നില്ല . പക്ഷെ ജീവചരിത്രങ്ങൾ ഞാൻ വായിച്ചിരുന്നു . എനിക്കേറ്റവും ഇഷ്ടവും ജീവചരിത്രങ്ങളോടായിരുന്നു . പിന്നീട് കുറച്ചു കൂടി വലുതായപ്പോൾ ഭാഗവതം , ഭഗവദ്ഗീത തുടങ്ങിയവ വായിക്കാൻ തുടങ്ങി . മൂല്യങ്ങളും സ്വഭാവഗുണവും പുസ്തകങ്ങളിൽ നിന്ന് മാത്രമല്ല . സമൂഹത്തിൽ നിന്നും നമ്മുക്ക് ലഭിക്കുന്നുണ്ട് . നമ്മുടെ അച്ഛനമ്മമാർ,അധ്യാപകർ ഇവരെല്ലാവരും നമുക്ക് സ്വഭാവ ഗുണം പകർന്നു തരുന്നവരാണ്. മഹത്തായ ജീവിതമൂല്യങ്ങൾ അഭിരുചിയെയാണോ പിന്തുണക്കേണ്ടത് ?

* : തീർച്ചയായും അഭിരുചിയെയാണ്. കാരണം താത്പര്യമില്ലാത്ത ജോലിയിലാണ് നമ്മൾ കയറിയതെങ്കിൽ അതിൽ നമുക്ക് ശ്രദ്ധ കൊടുക്കാൻ കഴിയില്ല . അതിനാൽ നാം നമ്മുടെ അഭിരുചിയെ വളർത്തിയെടുക്കുക . ഉപജീവനത്തിനുള്ള മാർഗം

കണ്ടെത്തുക . അഭിരുചിക്ക് പിന്നാലെയാണ് നാം പോകുന്നതെങ്കിൽ അതിൽ അഗ്രഗണ്യനാകാൻ നമുക്ക് കഴിയും എന്നതിന്ന് യാതൊരു തർക്കവുമില്ല .

?: എടാട്ടു വളപ്പിൽ ശ്രീധര മേനോനിൽ നിന്നും മെട്രോ മാൻ ഇ. ശ്രീധരനിലേക്കുള്ള ദൂരം എത്രയായിരുന്നു ? അതിനുള്ള പ്രേരണയും പ്രയത്നവും എന്തായിരുന്നു ?

*:  കൂലിപ്പണിക്കാരനായാലും കലാകാരനായാലും ഒരു "പ്രൊഫഷണലിസം" ഉണ്ടായിരിക്കണം . വിദ്യാർത്ഥിക്ക് പഠനത്തിലും ഇതുണ്ടായേ തീരൂ. സിവിൽ എഞ്ചിനീയറിങ്ങിൽ കിട്ടാവുന്നിടത്തോളം പുസ്തകങ്ങൾ വായിച്ചു അച്ഛനമ്മമാർ പറഞ്ഞ് തന്നിട്ടുള്ള നല്ല കാര്യങ്ങൾ ശീലിച്ചു. ഗുരുക്കൻമാരെ ആശ്രയിച്ചു കിട്ടാവുന്നത്ര അറിവുകൾ നേടി. ജോലിയിൽ നിരന്തരമായി ആത്മസമർപ്പണം നടത്തി.

? അസാധ്യമായതെല്ലാം സാധിച്ചെടുത്തു എന്നുള്ളതാണല്ലോ സാറിന്റെ ജീവിതത്തിന്റെ അടിവേര്- ആരായിരുന്നു സാറിന്റെ 'റോൾ മോഡൽ'.

* എന്റെ ജ്യേഷ്ഠൻ ഇ. കൃഷ്ണമേനോൻ തന്നെയാണ് എന്റെ റോൾ മോഡൽ. ഞാനും അദ്ദേഹവും തമ്മിൽ വലിയ

പ്രായ വത്യാസമുണ്ട്. അദ്ധഹവും ഒരു എഞ്ചിനിയറായി രുന്നു. സിവിൽ എഞ്ചിനീയറിംങ് മേഖലയെക്കുറിച്ച് ആദ്യം പറഞ്ഞു തന്നതും അദ്ധഹമാണ്. ഞാൻ റെയിൽവേയിൽ ചേർന്നു കാണാൻ അദ്ധഹം അതിയായി ആഗ്രഹിച്ചു. കൂടാതെ എന്റെ സീനിയർ ഓഫീസർമാരും എന്നെ സ്വാധീനിച്ചിട്ടുണ്ട്.

? ഇപ്പോൾ നാമേറെ കേട്ടു കൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയ രൂപമാണല്ലോ അഴിമതിയുടേയും ലാഭക്കച്ചവട ത്തിന്റെയും കാകരാഷ്ട്രീയം. കൊച്ചി മെട്രോയുടെ നിർമ്മാണത്തിനിടയ്ക്കെപ്പോഴെങ്കിലും കാകരാഷ്ട്രീയമതിനെ ബാധിച്ചിട്ടുണ്ടോ ?

* എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ചെയ്തു തീർത്തതെല്ലാം നമ്മുടെ നാടിനു വേണ്ടി മാത്രമുള്ളതായിരു ന്നു.എന്റെ വ്യക്തി ജീവിതത്തിന്റെയോ,കുടുംബത്തിന്റെയോ മുതൽക്കൂട്ടായി ഇവയൊന്നിനേയും ഞാൻ കണ്ടില്ല .അതു കൊണ്ടു തന്നെ മറ്റൊന്നിന്റെയും കടന്നു കയറ്റത്തെ കൊച്ചി മെട്രോയടക്കം ഒരുപ്രവർത്തനത്തേയും പിടിച്ചുകുലുക്കിയില്ല

? നാടിനെന്നും അഭിമാനിക്കാവുന്ന ധാരാളം വിസ്മയങ്ങൾ പണിതുയർത്തിയ ആളാണല്ലോ സാർ-ഇത്രയും കാലത്തെ പ്രവർത്തനത്തിനിടെ സാറിന് ഏറ്റവും കൂടുതൽ സംതൃപ്തി നൽകിയ പ്രൊജക്റ്റ് ഏതായിരുന്നു?

* എനിക്കേറ്റവും സംതൃപ്തി നൽകിയ പ്രവർത്തനം കൊങ്കൺ റെയിൽവേയുടേതാണ്.കാടും മലയും പുഴയും ചതുപ്പും നിറഞ്ഞ ഭൂമിയിലൂടെ ഇതു സാധിച്ചെടുക്കുക അങ്ങേയറ്റം ദുഷ്കരമായിരുന്നു. 760 കിലോമീറ്റർ ദൈർഘ്യത്തിൽ 27 കിലോമീറ്റർ നീളം വരുന്ന 2000 ത്തോളം പാലങ്ങളും 93 തുരങ്കങ്ങളുമുള്ള ഈ പാതയുടെ നിർമ്മാണത്തിനിടയ്ക്ക് പലപ്രതിസന്ധികളും മുന്നിലുണ്ടായിരുന്നു . എങ്കിലും അവയെല്ലാം തരണം ചെയ്ത് മഹാരാഷ്ട്ര്, ഗോവ, കർണ്ണാടക എന്നീ മൂന്ന് സംസ്ഥാനങ്ങളിലൂടെ അവ വിജയകരമായി പൂർത്തിയാക്കി .

? പാമ്പൻ പാലത്തിന്റെ പുനർ നിർമ്മാണം പോലെയുള്ള വളരെ കഠിനവും മഹത്കരവുമായ പദ്ധതികൾ വളരെ ചുരുങ്ങിയ കാലയളവിൽ ചെയ്തു തീർത്തതിൽ താങ്കളെപ്പോലെ തന്നെ താങ്കളുടെ

സഹപ്രവത്തകർക്കും വലിയ പങ്കുണ്ടല്ലോ . അവർക്ക് സാറിൽ നിന്നു കിട്ടിയ പ്രചോദനം എന്തായിരുന്നു ?

* ജോലിയുടെ കാര്യത്തിൽ ഞാൻ കർക്കശ

സ്വഭാവക്കാരനാണ്. ഇക്കാര്യത്തിൽ എനിക്ക് യാതൊരു ദയാ ദാക്ഷിണ്യവുമില്ല . ജോലിയിൽ ഉഴപ്പുന്ന പലരെയും ഞാൻ പറഞ്ഞു വിട്ടിട്ടുണ്ട്. കൃത്യനിഷ്ഠ എന്നത് എന്നെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഘടകമാണ്.

ഇത്എന്റെസഹപ്രവർത്തകരെല്ലാം അനുഭവിച്ചറിഞ്ഞതുമാണ് .

? ഭാരതത്തിന്ന് കേരളം നൽകിയ സമ്മാനമാണല്ലോ അങ്ങ്. നിരവധി വെല്ലുവിളികളെയും പ്രതിസന്ധികളെയും അതിജീവിച്ച് കൊണ്ടാണല്ലോ സാർ ഈ വിജയങ്ങളെയെല്ലാം കൊയ്തെടുത്തത്. വെല്ലുവിളികളെ മറികടക്കാനുള്ള ആത്മ ധൈര്യം എങ്ങനെയാണ് കൈവരിച്ചത്?

* മനസ്സിലൊരു നന്മ കാത്തു സൂക്ഷിക്കണം അതിൽ മുറുകെ പിടിച്ചു കൊണ്ടാവണം നമ്മൾ ജീവിതത്തിലുടനീളം സഞ്ചരിക്കേണ്ടത്. അങ്ങനെയാവുമ്പോൾ ആത്മ ധൈര്യംതാനെ

കൈവന്നോളും .

? ഞങ്ങൾ കുട്ടികൾക്ക് വളരെ പ്രിയങ്കരവും മനസ്സിലേക്കിറങ്ങിച്ചെല്ലാൻ വളരെ എളുപ്പമുള്ളതുമാണ് കഥകൾ. കഥകളിലൂടെ പഠിക്കുക എന്ന സമ്പ്രദായത്തോട് സാറ് യോജിക്കുന്നുണ്ടോ ?

* കഥകളിലൂടെ പഠിക്കുക എന്നത് വളരെ നല്ലൊരു പഠന രീതിയാണ്.അവ നമ്മുടെ  മനസ്സിൽ ഏതു നേരവും തങ്ങിനിൽക്കും. പല കഥകളിലൂടെയും പഠിച്ചറിഞ്ഞ വലിയ പാഠങ്ങളാണ് നമുക്കെന്നും തുണയായി കൂടെ നിൽക്കുന്നത്.കുട്ടിക്കാലത്ത് അച്ഛനുമമ്മയും  എനിക്ക് ധാരാളം കഥകൾ  പറഞ്ഞു തരുമായിരുന്നു . കോളേജ് പ്രൊഫസറായിരുന്ന കാലത്ത് ഞാനും കുട്ടികൾക്ക്  കഥകൾ പറഞ്ഞു കൊടുക്കുമായിരുന്നു . ഞാൻ പഠിച്ചതും മറ്റുള്ളവരെ പഠിപ്പിച്ചതും കഥകളിലൂടെയായിരുന്നു .

? ജീവൻരക്ഷാ മരുന്നു നിർമാണത്തിൽ പോലും കടുത്ത അഴിമതികൾ നടക്കുന്ന ഇക്കാലത്ത് സാറിന് കിട്ടുന്ന പ്രതിഫലത്തുകകളും ഉപഹാരങ്ങളുമെല്ലാം പത്രവാർത്ത കളിലും മറ്റും കാണുന്ന നിസ്സഹായരായ ജീവിതങ്ങൾക്ക്

നൽകുകയാണ് പതിവെന്നറിയാൻ കഴിഞ്ഞു .

മാത്രമല്ല മാതൃവിദ്യാലയത്തിനു വേണ്ടിയും പലതും ചെയ്യാറുണ്ടന്നുമറിഞ്ഞു. പബ്ലിസിറ്റിക്ക് വേണ്ടി പലതും കാണിച്ചു കൂട്ടുന്ന ഇക്കാലത്ത് പത്രക്കാരെ ബോധപൂർവ്വം മാറ്റി നിർത്തിക്കൊണ്ടാണ് സാർ പല നല്ല കാര്യങ്ങളും സംഘടിപ്പിക്കാറുള്ളതെന്നും അറിഞ്ഞു .

ലോകത്തിനുതന്നെ മാതൃകയായ ഇത്തരം സവിശേഷ ഗുണങ്ങൾ  സാറെങ്ങനെ നേടിയെടുത്തു ?

* കർമം ചെയ്യുന്നവൻ പ്രശംസയർഹിക്കുന്നില്ലെന്നാണ് ഞാനെന്നും പാരായണം ചെയ്യുന്ന ഭാഗവതമെന്നെ പഠിപ്പി

ച്ചത്. ഇന്ത്യൻ റെയിൽവേയിൽ നിന്നും കിട്ടുന്ന പെൻഷൻ തുക തന്നെ സ്വന്തം ജീവിതത്തിനു ധാരാളമാണ്. നല്ല കാര്യങ്ങൾ രഹസ്യമായി ചെയ്യുമ്പോൾ മനസ്സിനു കിട്ടുന്ന

സന്തോഷം മറ്റൊന്നിൽ ലഭിക്കില്ലെന്നു തീർച്ചയാണ്.

? ഈ 83-ാം വയസ്സിലും ഊർജ്ജസ്വലതയോടെ ഓടി നടന്ന് കാര്യങ്ങൾ  ഭംഗിയോടെ ചെയ്തു തീർക്കാൻ സാറിനു കഴിയുന്നതിനു പിന്നിൽ തീർച്ചയായും ചിട്ട

യായൊരു ജീവിതചര്യയുണ്ടാവും. സാറിന്റെ ഈ ആരോഗ്യരഹസ്യത്തിനു പിന്നിൽ എന്താണുള്ളത്?

* പുലർച്ചെ 4:30 നു മുമ്പായി എണീക്കും പിന്നെ യോഗ, ധ്യാനം അതു കഴിഞ്ഞ് ഭാഗവത പാരായണം,

അതു കഴിഞ്ഞ് പ്രധാന പത്രങ്ങൾ വായിക്കൽ, പിന്നെ സസ്യാഹാരമാണ് പ്രധാനം. ഇലക്കറികളും വേവിക്കാത്ത കനികളും ഏതു പ്രായക്കാർക്കും ഊർജ്ജം നൽകുന്നവ യാണ്. വൈകിട്ടൊരു സായാഹ്ന സവാരി അതു കഴിഞ്ഞാ ൽ വീണ്ടും യോഗ, ആത്മീയ പാരായണം, എട്ടുമണിയോടെ അത്താഴം, ഒൻപതാപകലോടെ ചെറിയൊരു പ്രാർത്ഥനയ്ക്കു ശേഷം ഉറക്കം. കൂടുതലായി ഒന്നും ചെയ്യാറില്ല .

? സാറിന്റെ ജീവിതം തന്നെ വിജയത്തിന്റെ പാഠപുസ് തകമാണ്. എങ്കിലും ഇന്നത്തെ കുട്ടികൾക്ക് എന്ത് സന്ദേ ശമാണ് സാറിന് നൽകാനുള്ളത്?

* സത്യവും, ധർമ്മവും കാത്തു സൂക്ഷിക്കുന്ന നല്ലൊരു മനുഷ്യനായിത്തീരുക എന്നതു തന്നെയാണ് നിങ്ങൾക്കു നൽകാനുള്ള സന്ദേശം. സകല ചരാചരങ്ങളോടും സ്നേഹ

മെന്താണെന്നും അത് എങ്ങനെ വളർത്തിയെടുക്കണമെന്നും ചിന്തിക്കുക. നല്ല പുസ്തകങ്ങൾ തെരെഞ്ഞെടുത്ത് വായിക്കുന്നത് പതിവു ശീലമാക്കുക. എല്ലാ നന്മകളും കൂടെ പോന്നുകൊള്ളും- നല്ലതു വരട്ടെ....

# പുഴയുടെ അന്ത്യം

പണ്ട് ഞാനൊരു പുഴയായിരുന്നു.പണ്ടെന്നു പറഞ്ഞാൽ ഒരഞ്ചാറു വർഷം മുന്നെ . ആരാരും എത്തിപ്പെടാത്ത ഒരുൾക്കാട്ടിൽ ദാഹിക്കുന്ന മൃഗങ്ങൾക്കും പക്ഷികൾക്കും അമൃതായി നില നിന്നിരുന്ന ഒരു പുഴ . പക്ഷികളുടെ മധുരമായ സംഗീതത്തിന്റെയും കാറ്റിൽ ചലിക്കുന്ന മരങ്ങളുടെ ഈറനടിയും മന്ദം മന്ദമായി കവിഞ്ഞൊഴികിയിരുന്ന പുഴ.കാടിന്റെ നടുവിലായതുകൊണ്ടാവം ആരാരും എത്തിപ്പെടാതെ ഞാൻ  സംരക്ഷിക്കപ്പെട്ടുപോന്നതും . എന്റെ അടുക്കൽ വന്നിരുന്ന മൃഗങ്ങൾ,പക്ഷികൾ എന്നെ തഴുകിയെത്തുന്ന ആ പടിഞ്ഞാറൻ കാറ്റ് അതൊക്കെ സുവർണ

കാലമായിരുന്നു . പെട്ടന്നായിരുന്നു നീണ്ട കൈ കളുള്ള ആ യന്ത്രങ്ങളുടെ വരവ് . കാട് മുഴുവൻ ഇളക്കിക്കൊണ്ടായിരുന്ന അവന്റെ വരവ് . ആദ്യമൊന്നു അവൻ എന്നെ ഗൗനിച്ചില്ല . കാട്ടിലെ മരങ്ങൾ മുഴുവൻ അവൻ പിഴുതു മാറ്റി . മരങ്ങളൊന്നും ഇല്ലാത്ത കാട് മരുഭൂമി പോലെയായി എന്റെ ഒഴുക്ക് നിന്നു . മരങ്ങളെല്ലാം നശിക്കപ്പെട്ടു . അവൻ എന്റെ നേരെ വരുന്നത് കണ്ടു ഞാൻ വിറച്ചു . ആ നീണ്ട കൈകൾ എന്റെ നേരെ വന്നപ്പോൾ എന്റെ ഘോരമായ നിലവിളി കേൾക്കാനൊരു മരമോ , മൃഗമോ പോലും ആ കാട്ടിൽ അവശേഷിച്ചിരുന്നില്ല . ഇന്ന് ഞാനൊരു നീർച്ചാലാണ്. മഴ ക്കാലത്ത് ഒരു തുള്ളി വെള്ളം മാത്രം ഒലിച്ച് പോവുന്ന നീർച്ചാൽ . ഇന്നെന്റെ മുന്നിൽ മരങ്ങളല്ല , ഒരു വലിയ നഗരം തന്നെയാണ് . ഞാൻ ഇപ്പോൾ , മാലിന്യത്തിന്റെ വർദ്ധനവു കാരണം മരിച്ചുകൊണ്ടിരിക്കുന്ന

ന്യൂ ജനറേഷൻ പുഴ.....!

മുഹമ്മദ്അൻസിൽ

10 A

# നവകേരളം

ഒന്നിനും കൊള്ളാത്തവരാണെന്നുപഴിച്ചാൽ താങ്ങായ്

തണലായ് സംരക്ഷിച്ചുനമ്മെ

ജീവൻ വെടിഞ്ഞും , ജീവൻ രക്ഷിച്ച പലർ

കൊടും ദൂരങ്ങളിൽ നിന്നും

നവകേരളത്തെപടുത്തുയറ്ത്താൻ

ശ്രമിക്കുന്നവർ ,

ഭൂമിമാതാവിന്റെ സ്വന്തം മക്കൾ

പ്രകൃതിതൻ ക്രൂരമനോഭാവം

അലയടിച്ചു മലുഷ്യമനസ്സുകളിൽ

ഈ തിരാനഷ്ട്ത്തെ അതിജീവിക്കാൻ

ഒരു നവയുഗകേരളത്തെ കെട്ടിപ്പടുക്കാൻ

കോർത്തകൈകൾ വെടിയാതെ

ഒന്നായ് നിന്നിടാം.......

കൃഷ്ണ്പ്രിയ-എം

10 -I

# തോണികൾ

നിങ്ങൾ തിരിഞ്ഞു നോക്കൂ...

ഒരുപക്ഷെ, മനുഷ്യന്റെ തേണികൾ

കരയിലേക്കടുക്കുന്നുണ്ടാവും മനു-

ഷ്യത്വത്തിന്റെ ജാതിമത വർഗ-

ങ്ങൾക്കതീതമായ സ്നേഹത്തിന്റെ തോണി ..

നവകേരള സൃഷ്ടിയോടൊപ്പം

രാഷ്ട്റീയ, മത, വർഗ, വർണ


വിത്യാസങ്ങൾക്കതീതമായ

മനുഷ്യനെ കാണാൻ ആകു

മെന്ന പ്രതീക്ഷയിൽ.....

റോസിന തസ്നി

10.ഐ



# തിരിച്ചു വരാത്ത കാലം

ഓർമ്മ തൻ താളുകൾ മറിഞ്ഞിടുമ്പോൾ

ഓർക്കുന്നു ഞാനെന്റെ നല്ല കാലം

പിച്ച വെച്ചു മുറിഞ്ഞ മധുര വേദനകൾ

നിറഞ്ഞൊരാ കുട്ടിക്കാലം

തളരാതെ കരയാതെ മുഷിയാതെ വീണ്ടും

പതച്ചു പൊങ്ങിയെൻ കുറുമ്പു കാലം

കാണിച്ചൊരാ സുവർണ്ണ കാലം

പരാജയങ്ങൾ വിജയത്തിന്റെ മുന്നോടിയാണെന്ന്

തിരിച്ചറിഞ്ഞൊരാ വാത്സല്യ കാലം

തിരിച്ചു വരാത്തൊരാ കാലം

ഇന്നെൻ ഓർമകളിലെ കാലം

ഒരിക്കലും മറക്കാത്തൊരാ 'ബാല്യ കാലം'

SHIFANA THASNEEM

9 B

# കുഞ്ഞി കിളി



മുറ്റത്തെ മാവിലെ വിരുന്നുകാരി
കുഞ്ഞിച്ചിറകുള്ള കൂട്ടുക്കാരി,
പാടിപ്പഠിച്ച കളഗാനം കൊണ്ട്
പുലരിയിലല്‍ എന്നെയുണര്‍ത്തും കിളി.

മാവിലെ കൊമ്പിലായ് കൂടുവെച്ച
സ്നേഹം വിരിയിക്കും കൂട്ടുക്കാരി,
കൂട്ടില്‍ കരയുന്ന കുഞ്ഞുങ്ങള്‍ക്ക്
തേനമൃതൂന്ന പാട്ടുക്കാരി.

പൂക്കുലപ്പോലുള്ള വാലുകൊണ്ട
പൂക്കളം തീര്‍ക്കുന്ന കൂട്ടുകാകരി
നീയാണെന്‍ ഓമനകുഞ്ഞിക്കിളി
പുഞ്ചിറകുള്ള എന്‍ കുഞ്ഞിക്കിളി.

HYRA ZAIN
5 B

# വന്ദിക്കാം...

# നമുക്ക് വയോജനങ്ങളെ...

ആർഷ ഭാരത സംസ്ക്കാരം ആദരപൂർവ്വം പരിപാലിച്ചിരുന്ന ആഗ്നേയാസ്ത്രങ്ങളായിരുന്നു ഒരുകാലത്ത് വയോജനങ്ങൾ നരവീണതലയും ചുക്കിചുളിഞ്ഞ ശരീരവും ബഹുമാനത്തിന്റെ കിരീടമായും ഐശ്വര്യത്തിന്റെനിറകുടമായും നമ്മുടെ പൂർവ്വികർ കണക്കാക്കിയിരിക്കുന്നു . വയോജന പരിപാലനം ദൈവപൂജയോളം തന്നെ വൃദ്ധപരിപാലനത്തെ പവിത്രമായ പ്രർത്ഥനയുടെ ഭാഗമായാണ് കണ്ടിരുന്നത് .

എന്നാൽ മാറികൊണ്ടിരിക്കുന്ന പുതുതലമുറയിന്ന്അവനവനിലേക്ക്തന്നെ ഒതിങ്ങികൊണ്ടിരിക്കുന്നു . വിരൽ തുമ്പിലൂടെ വിസ്മയം തീർത്ത് സോഷ്യൽ മീഡിയകളെ ആകമാനം കയ്യടക്കുന്നതിൽ മാത്രം അവർ ജാഗ്രത പുലർത്തുന്നു . 'മൂത്തവർ വാക്കും മുതുനെല്ലിക്കയും ആദ്യം കയ്ക്കും പിന്നെ മധുരിക്കും"എന്ന് ചൊല്ലിപ്പടിപ്പിക്കുന്നതിനുപകരം

വാട്സ് ആപ്പും ഫെയ്സ് ബുക്കും ആദ്യം മധുരിക്കും പിന്നേം മധുരിക്കുമെന്നവർ തെറ്റിദ്ധരിച്ചിരിക്കുന്നു . മുഖം കാണാത്ത സൗഹൃങ്ങൾക്കായി പരതികൊണ്ടിരിക്കുന്നവർ സ്വന്തം വീട്ടിലെ മുക്കിലോ മൂലയിലോ ഒതുങ്ങിക്കൂടുന്ന അച്ഛനമ്മമാരേയോ മുത്തശ്ശിമാരേയോ കാണാതെ പോകുന്നു . അഥവാ-കണ്ടില്ലെന്നു നടിക്കുന്നു .

കേരളത്തിൽഅനുദിനംപൊങ്ങിക്കൊണ്ടിരിക്കുന്ന വൃദ്ധസദനങ്ങൾഎന്തെല്ലാമാണ് നമ്മോട് വിളച്ചുപറയുന്നത് പണ്ട് ഏതൊരു വീടിന്റെയും ഉമ്മറത്തെ ചാരുകസേരയിൽ അലക്കിത്തേച്ച വസ്ത്രംധരിച്ച് ആശ്വാസത്തോടെ വിശ്രമിച്ചിരുന്ന വൃദ്ധജനങ്ങളിന്ന് എങ്ങോട്ടാണ് ഓടിമറഞ്ഞത്. 'ഉപയോഗിക്കുക വലിച്ചെറിയുക'എന്നപുതു സംസ്ക്കാരത്തെ അടിമുടി വിഴുങ്ങിയനമ്മൾ ഉപയോഗശൂന്യമായ നമ്മുടെ മുത്തശ്ശനേയും മുത്തശ്ശിയേയും അഗതിമന്ദിരത്തിൽ അരണ്ട വെളിച്ചറിഞ്ഞിരിക്കുന്നു .

നാം വലിയൊരു പ്രതിസന്ധിയിലേക്കാണിന്ന് നീങ്ങിക്കൊണ്ടിരിക്കുന്നത് . വൃദ്ധരോടൊപ്പം നാം നമ്മുടെ മഹത്തായ സംസ്കാരത്തെ തന്നെ കാറ്റിൽ പരത്തിയിരിക്കുന്നു . ഇന്നുനമ്മുടെ നാട്ടിൽ കാണുന്ന

ഒട്ടുമിക്കഅനിഷ്ട സംഭവങ്ങളെല്ലാം ഒരുപരിധി വരെ തടയാൻ വൃദ്ധജനങ്ങളുടെ ഉപദേശങ്ങൾക്കു കഴിയുന്നതാണ് . ചരിത്രമുറങ്ങുന്ന വൃദ്ധശിരസുകളിൽ നാം അവഗണനയുടെ മുൾകിരീടം ചൂടിച്ചിരിക്കുന്നു . നീണ്ട ജീവിതയാത്രയിൽ കണ്ടതും കേട്ടതുമായ അറിവുകളുടെ കലവറയാണ് വൃദ്ധ സമൂഹം എന്നത് നാം സൗകര്യപൂർവ്വം മറന്നു പോയിരിക്കുന്നു . വരും തലമുറകളിലേക്കും പകർന്നു തരേണ്ട ഈ അറിവുകളെ അവഗണിച്ച് നമ്മൾ 'നെറ്റിൽ പരതി'അറിവുകൾ അനായാസംകൈപ്പിയിലാക്കുന്നു .

വാർദ്ധക്യം അതൊരു കുറ്റമല്ല . നാളെ നമുക്കും വയസ്സാകും .ബലഹീനതകൾ നമ്മെ പിടിമുറുക്കും ശൈശവത്തിന്റെ രണ്ടാം ഘട്ടമാണത്. ഒരുകുഞ്ഞിനെ പരിപാലിക്കുന്നതെങ്ങനെയാണോ അപ്രകാരം തന്നെയാണ് നമ്മൾ വൃദ്ധജനങ്ങളേയും പരിപാലിക്കേണ്ടത് . ഒരു കുഞ്ഞ് വലുതാകുന്നതോടെ പരാശ്രയം കുറഞ്ഞു വരുന്നെൻങ്കിൽ പിന്നിടുന്ന ഓരോ ദിനങ്ങളും വയോജനങ്ങൾക്ക് പരാശ്രയം ഏറിവരികയാണ് ചെയ്യുന്നത് . അതുകൊണ്ടു തന്നെ സ്നേഹത്തോടെയുള്ള ഒരുതലോടൽ , കനിവോടെയുള്ള ഒരുനോട്ടം , പഴഞ്ചനാണെങ്കിലും ഏതൊരു കാര്യത്തിലും

അവരുടെ അഭിപ്രായം ആരായാൽ ഇതെല്ലാം നമ്മൾ പാലിച്ചേ മതിയാകൂ.. നമ്മൾ എത്ര വലിയ നിലയിലെത്തിയാലും അതിനു പിന്നിലുള്ള ശക്തി നമ്മുടെ പൂർവ്വികർ തന്നെയാണ് . അവരുടെ കരുതലും പ്രാർത്ഥനയും മാത്രമാണ് നമ്മെ നാമാക്കി മാറ്റിയതെന്ന് ഓരോ ശ്വാസത്തിലും നമ്മൾ ഓർക്കേണ്ടതാണ് . സ്നേഹം അതുള്ളിൽ സൂക്ഷിച്ചാൽ ഉപയോഗ ശൂന്യമായ നാണയത്തിനു തുല്യമാകും . അതു പുറത്തെടുത്ത് വേണ്ടവർക്കു നൽകിയേ മതിയാകൂ..തങ്ങളും സ്നേഹിക്കപ്പെടുന്നു,അംഗീകരിക്കപ്പെടുന്നു എന്ന തോന്നലുണ്ടായാൽ ഒരു വയോജനത്തിനും ദു:ഖത്തിന്റെ കയ്പ്പ് നീർ കുടിക്കേണ്ടിവരില്ല .

പ്രായമായവരെ പരിപാലിക്കുന്നതിലും അവർക്കു വേണ്ടതു കൊടുക്കുന്നതിലും മത്സരിക്കുന്നവരായി നമുക്കു മാറാൻ  കഴയണം .അയൽവാസികളിലോ ബന്ധുക്കളിലോ വയോജനങ്ങളുണ്ടെങ്കിൽ നാമവരെ സന്ദർശിസിക്കണം . അവർക്കിവേണ്ടത് ചെയ്തുകൊടുക്കണം . നമ്മുടെ അച്ഛനമ്മമാർക്ക് തിരക്കുകൾക്കിടയിൽ വല്ലവീഴ്ചയും പറ്റിപോകുന്നുണ്ടെങ്കിൽ തിരുത്താനുള്ള അധികാരം മക്കളായ നമുക്കുണ്ട് .സ്വത്തിനു വേണ്ടിയല്ലാതെ

നമ്മളവരെ സ്നേഹിക്കുകയും ഇഷ്ടാനിഷ്ടങ്ങൾ കണ്ടറിഞ്ഞു പെരുമാറുകയും

വേണം . നന്മയും സ്നേഹവും നിറഞ്ഞ ഒരുലോകത്തെ തിരിച്ചുകൊണ്ടുവരണമെങ്കിൽ വയോജനങ്ങളേ വന്ദിച്ചേ മതിയാകൂ....... ..മുത്തശ്ശിക്കഥകൾ കേട്ടുറങ്ങിയ ആ നല്ല ഇന്നലകളെ നമുക്ക് തിരിച്ചു കൊണ്ടുവരാം . മാതാ പിതാ ഗുരു ദൈവം എന്ന ആപ്തവാക്യം മുറുകെ പിടിച്ചു കൊണ്ടുള്ളതാവട്ടെ ഇനിയു

ള്ളതാവട്ടെ ഇനിയങ്ങോട്ടുള്ള നമ്മുടെ ഓരോ ചുവടുകളും ഒക്ടോബർ 1 മാത്രമല്ല . എല്ലാദിനവും നമുക്ക് വയോജനങ്ങൾക്കായി മാറ്റി വെയ്ക്കാം.

ശ്രുതി-കെ സി

S2A

# കവിത

അമ്മയാം ഭൂമിതൻ

മാറിൽ വീഴുന്ന

ചെമ്പനീർ പൂവാണ് കവിത

## ഹരിതാഭവീഥിയിൽ

വെട്ടം പടർത്തുന്ന
പൊൻസൂര്യനാകുന്നു കവിത
താരാട്ടുപാടി-
യുറക്കുന്നോർമ്മതൻ
നെഞ്ചിന്റെ ചൂടാണ് കവിത
അക്ഷരം നുകരുന്ന
കുഞ്ഞു കിനാവിന്റ
അറിവിന്റ മൊഴിയാണ് കവിത
മായാത്ത മറിയാത്ത
ഓർമ്മതൻ തീരത്തെ
ഓളങ്ങളാകുന്നു കവിത
അലറുന്ന കാലത്തിൻ
ചീന്തിയെറിയുന്ന
പെണ്ണിന്റെ കണ്ണീര് കവിത
പാടത്തു പണി ചെയ്യും
കർഷകവര്യന്റെ
വേർപ്പിന്റെയുപ്പാണ് കവിത
എല്ലാമറിയുന്ന
ദൈവത്തിൻ ഹൃത്തിലെ
സ്നേഹത്തിൻ മുത്താണ് കവിത


SHIFANA THASNEEM
9-B

# *Tears*

*Darkness, too dark*
*It frightened me*
*sky turned black and*
*cried loudly*
*I feared!*
*Drop by drop fell to the*
*ground*
*when I looked done*
*A tear split on my face*
*It seemed to be an ocean*
*I tasted ;Its salty drop*
*oh God ! Who is crying from there?*
*Are you ....! ?*



*Selviya. M*
*9-F*





# പാട വരമ്പിലൂടെ...

ആരോ കൈ പിടിച് എന്നെ മെല്ലെ നടത്തിയ പാട
വരമ്പുകളും.ഒരു വെമ്പലോടെ ഞാൻ മറിച്ച പുസ്ത
കത്താളുകളും.എന്നോ ഇടവഴിയിൽ ഞാൻ ഒരുമിച്ച്
കൂട്ടിയ മഞ്ചാടി കുരുകളും.വിയർപ്പു കൈകളാൽ
ഞാൻ ചേർത്തുപിടിച്ചപഞ്ചസാരമിഠായിയും.എല്ലാം
ഇന്ന്എന്നെവിട്ട്ദൂരേക്ക്മാഞ്ഞിരിക്കുന്നു.
എന്തോ..........ഞാൻ അന്യയായത് പോലെ.
ഇപ്പോൾ എവിടേയുംഞാൻഏകയാണ്.
ഏത് സാഹചര്യത്തിലും ഞാൻ ഏകാന്തതയെ
സ്നേഹിക്കേണ്ടി വന്നിരിക്കുന്നു.

ഇന്ന് കൂടെയുള്ളത് ജനലരികിലൂടെ എന്നെ
ഒളിഞ്ഞു നോക്കുന്ന ഒരു കീറ് ആകാശം മാത്രം............
അത് മാത്രമാണ് ഇന്നെനിക്കൊരുകൂട്ട് . കൂടെ എന്റെ
ദു:ഖ മനസ്സിന് കുളിർമയേകിത്തരുന്ന ഉമ്മയുടെ
നറുപുഞ്ചിരിയും . അതിലൂടെ ഞാനെന്റെ നഷ്ടങ്ങളും
തിരിച്ചറിയുന്നു.

തസ്ലീന.കെ ൯.L



# ഓർമകൾബാക്കിവെച്ചത്

വേനലിൽ കൊഴിഞ്ഞും
വസന്തത്തിൽ കരിഞ്ഞും
ഒറ്റപ്പെട്ട വൃക്ഷം
ശിവരങ്ങളിലെ
പരാഗണസ്വപ്നങ്ങളെ
പൊക്കിയെടുത്ത നിന്റെ
ക്യാമറ കണ്ണുകൾക്ക് അന്ധതകൂടിയതിനാലാവണം,
എന്റെ നഗ്നത വെളിവക്കപ്പെട്ടത്.
വിജനമായ ചില്ലകളിലേക്ക്
നീ താഴുത്തുവിട്ട വെള്ളരിപ്രാവുകൾ
കാറ്റിന്റെ ചതിയിൽ കുടുങ്ങി
മരിച്ചിരിക്കണം
കൊടും വേനലിൽ

വെന്തുമരിച്ച എന്റെ ജഡത്തിൽ

തറച്ചിറങ്ങിയ നിന്റെ ആയുധത്താൽ

കുത്തിയൊലിച്ച സയനൈഡിന്റെ

ഗന്ധത്തെ പറയ്ക്കാൻ,

ലാമിനേറ്റ് ചെയ്ത കല്ലറ നീ

സമ്മാനിച്ചപ്പോൾ,

സ്വപ്നങ്ങളും ശ്വാസംമുട്ടി

മരിക്കുകയായിരുന്നു

പിന്നെ , മറക്കാതിരിക്കാനായി,

ഏകാന്തതയെ വശത്താക്കാൻ

നീ നട്ടുപിടിപ്പിച്ച ബോൺസായ്

വൃക്ഷങ്ങളാണ് ഓർമിപ്പിച്ചത്

എന്നിൽ നിന്ന് അറുത്തെടുത്ത


പൂക്കൾ കൊണ്ട് തന്നെയാണ്

നീ കല്ലറ അലങ്കരിച്ചതെന്ന്

ഹന്ന.കെ

10.A

# നാട്ടു വഴികളോടുള്ള പ്രേമം




ഫ്ലാറ്റിലെ ബാൽക്കണിയിൽ നിന്ന് താഴേക്ക് നോക്കി നിൽക്കെ തികച്ചും സ്വഭാവികമായിട്ടാണ് അവളാസ്ത്രീയെ കണ്ടത്.ഫ്ലാറ്റിലേക്ക് കയറി വരുന്ന അവരുടെ മുഖത്ത് തന്നെ ആ സ്ഥലത്തോടു അതൃപ്തി വ്യക്തമാണ് . നാട്ടിൻപുറവീഥികളിലെ കാറ്റും മഞ്ഞും മഴയും ഇറുകിപിടിച്ചിരിക്കുന്ന ഒരു മനസ്സ് ആ ചന്ദന കളർ സാരിക്കുള്ളിലുണ്ടെന്ന് ഉറപ്പാണ്. എന്തുകൊണ്ടോ ആ സ്ത്രീ തൊട്ടുണർത്തിയത്തന്റെ ശൈശവകാലഓർമ്മകളാണ് . കൂട്ടുകാരുമൊത്ത് കാവിനടുത്തെ തിണ്ണയിലിരുന്ന് കൊത്തക്കല്ല് കളിക്കുമ്പോഴാവും ചൂരലുമായ് അമ്മയുടെ വരവ് . അടുത്തുള്ള പേരയ്ക്ക മരത്തിലേക്ക് വലിഞ്ഞ് കയറുകയും 'തല്ലില്ല 'എന്ന അമ്മയുടെ വാക്കിന്റെ

വിശ്വാസത്തിൽ താഴെ ഇറങ്ങുകയും ചെയ്യും . പുളിയുറുമ്പിന്റെ കടിയേറ്റ് കാൽ കുടഞ്ഞ് പുഞ്ചിരിയോടെ അടുത്തേക്കു ചെല്ലുമ്പോൾമുടിക്ക് പിടിച്ച് അമ്മ അടുക്കളത്തിണ്ണയിലേക്ക്  കൊണ്ടു പോകും . തൊടിയിലെ ഒട്ടുമുക്കാൽ പച്ചിലയും ഇട്ട് കാച്ചിയ എണ്ണ തലയിലേക്കൊഴിക്കുമ്പോൾ മഞ്ഞുപാളികൾ  തലയിൽ അടർന്നുവീഴുന്ന ഒരു സുഖമുണ്ട് . തറവാട്ടിലെകുളക്കടവിൽ പടർന്ന് പന്തലിക്കുന്ന വൈദ്യരുടെ കുഴമ്പിന്റെ മണമൊന്നും നാളിതുവരെ ഞാനൊരു സോപ്പിനും അനുഭവിച്ചിട്ടില്ല . ഈർപ്പം വിടാത്ത മുടിയുമായ് നാമം ജപിക്കുമ്പോൾ കണ്ണുകൾ തിരഞ്ഞിരുന്നത് . വരുന്ന വഴിയിൽ അച്ഛൻ പറിച്ച്  കൊണ്ട്വരുന്ന പറങ്കിമാങ്ങയായിരുന്നു . എന്തോ ഓർത്തിട്ടെന്ന പോലെ അവൾ പെട്ടന്ന് ബാൽക്കണിയിൽ നിന്ന് ഉള്ളിലേക്ക് പോയി. ബാഗും  കവറുമെടുത്ത് പുറത്തേക്ക് പോവുന്ന അവളെ നോക്കി അന്ധാളിച്ചു നിന്ന ഭർത്താവ്.

' അല്ല, നീ ഇതെങ്ങോട്ടാ '

' എന്തോ, സുഖമില്ല.നാട്ടിൽ പോയിട്ടു വരാം '

' സുഗമില്ലന്നോ ?'

'ങ്ഹാ,ഒരു ശ്വസം മുട്ടൽ.'

ഫാത്തിമ മുൻഷിദ.കെ

10.L

# *A Heinous Night*

*There are an old conversation between three friends when the weather was too heinous and frigid . Three of theme were having coffee.*

*Meanwhile, the one who is the most agile in that group started, ' guys,I feel so ridiculous, it's been so long that I am here. Let me go home.*

*At home,he sat on a chair and started writing his diary. While he was writing, he saw some squiggles and scratches on his book. He didn't even utter a word because there was nothing to .Re iteratively he started*

*writing...writing....his vulnerable thoughts. Someone patted on his shoulder. It was nothing but a rat. 'Oh! mittu,I always say call me only after writing ,' he said. But the rat looked so frightened as if it has seen something scary. A weepy and eerie sound was heard. 'someone help me..' Awaiting sound of a girl. He went to see what it was. Oh God! Mr John exclaimed. He saw a girl ebbed by blood and looks monstrous,Her face was Tormented. She gelled, ''help..me..' She couldn't after a word as took the girl on his shoulder and went as straight as he could. His hands were smeared with blood..SSS.. a paper down on the ground. He looked down and something yawned in his ears.' 'Roshan wake up dear... It is too late. Wake up ? What!? That was just a dream! But who was that girl who was murdered? Who was that guy? Is that me?That wasn't a dream but the story of my life...Someone murmured.*

*MEENAKSHI MANOHAR*

*10- A*

# ഇരുളകന്ന ജീവിതം

അവൾ നടന്നു . ആ ഇടനാഴിയിലൂടെ
ആകുവോളം വേഗതയിൽ അവൾ നടന്നു .
പിന്നിൽ കാലൊച്ചകൾ ശബ്ദിക്കുന്നതായ്
അവൾ ശ്രദ്ധിച്ചു . തിരിഞ്ഞു നോക്കാതെ
അവൾ വീണ്ടും നടത്തം തുടർന്നു .
കാലടികൾ അടുത്തടുത്ത് വരുന്നതായി
അവൾ ശ്രദ്ധിച്ചു . പക്ഷെ അവൾ
തിരിഞ്ഞില്ല.കാലൊച്ച
തൊട്ടടുത്തെത്തിയെന്ന് അവൾക്ക് തോന്നി.
ഉള്ളിൽ കൊള്ളിയാൻ മിന്നി . ഭയപ്പാടോടെ
അവൾ തിരിഞ്ഞ് നോക്കി . അവളെ ആരും
പിന്തുടരുന്നില്ലായിരുന്നു .
എന്തിനാണെന്നോ എവിടേക്കാണെന്നോ
അവൾക്ക് അറിയില്ല . എന്നാലും അവൾ
നടന്നു. അവസാനം ആ ഇടവഴിയിലേ
മരത്തണലിൽ കിളികളുടെ പാട്ടും കേട്ട്
ഇരുന്നു. അമ്മയും അച്ഛനും ഇല്ലാത്ത
ജീവിതം ഒരു ഒറ്റപ്പെടലാണെന്ന്

അവളറിഞ്ഞു. അവൾ എഴുന്നേറ്റ് നടക്കാൻ വേണ്ടി നിൽക്കുമ്പോൾ ആ വഴിയിലൂടെ ഒരാൾ വരുന്നത് പോലെ അവൾക്ക് തോന്നി. അവൾ സൂക്ഷിച്ചു നോക്കി. ഒരാൾ അവളെ തന്നെ നോക്കി നടന്നു വരുന്നു. അവളുടെ ഉള്ളൊന്നു പിടഞ്ഞു. എന്നാലും അവൾ ധൈര്യം സംഭരിച്ച് അവിടെ തന്നെ നിന്നു. അയാൾ അടുത്ത് വന്ന് ചോദിച്ചു. മോളെന്താ ഇവിടെ ?. അവൾ ഒന്നും പറഞ്ഞില്ല. പക്ഷെ അയാൾ അവളുടെ അച്ഛനാണെന്ന് അവൾ അറിഞ്ഞില്ല . ഈ വഴി അവളുടെ വീട്ടിലേക്കാണെന്നും പണ്ടെന്നോ ഒരു നാൾ


അവളുടെ അമ്മാവൻ അവളെ കൊണ്ടു പോയി ഉപേക്ഷിച്ചാതയിരുന്നു എന്നൊന്നും അവൾ അറിഞ്ഞിരുന്നില്ല . ഇന്നവൾ ആരുടെയോ കൂടെ ജീവിക്കുന്നു . അവളുടെ അച്ഛന്റെ കണ്ണുകൾ നിറഞ്ഞു . അപ്പോഴും അവളറിഞ്ഞില്ല ഇതവളുടെ സ്വന്തംഅച്ഛൻ ആണെന്നുള്ളത്. അവൾ

പരിഭ്രാന്തയായി. എന്നാലും അവൾ ചോദിച്ചു , നിങ്ങളാരാണ് ? അയാൾ അവളുടെ അടുത്ത് വന്നു നെറ്റിയിൽ ഉമ്മ വെച്ചിട്ട് പറഞ്ഞു : " മോളെ ഞാൻ നിന്റെ അച്ഛനാണ്". അവൾക്ക് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല .എങ്കിലും അയാളുടെ കൂടെ വീട്ടിലേക്ക് നടന്നു. വീട്ടിലെത്തിയപ്പോഴാണ് അമ്മ മരിച്ചവിവരം അവളറിയുന്നത്. അവൾക്ക് ആ കാര്യങ്ങൾ ഓർത്തപ്പോൾ കരച്ചിലടക്കാൻ കഴിഞ്ഞില്ല.അവൾ ഒറ്റപ്പെടലിൽ നിന്ന് കുടഞ്ഞെണീറ്റ് കൊണ്ട് അച്ഛനോടൊപ്പം കഴിഞ്ഞു . ജീവിതം ഒരു തീക്കനൽ പോലെ ആണെന്ന് അവളറിഞ്ഞു.

*Farhana*

൭- M

# കാലം




കാലമേ നീ മറയുകയോ
നിൻ ചക്രങ്ങൾക്കദ്രുതഗതിയോ ?
വിശ്രമ മില്ലതോടും കലുകൾ
എന്തേ തളരാതോടുന്നു ?


പുതു പുലരികളും
പല രാവുകളും
താണ്ടുമിയാത്ര നിൻ നിതൃകർമ്മം
അകലുന്ന ബന്ധങ്ങൾ
മറയുന്നു സൗഹാർദം
എല്ലം കേവലമൊരു സ്മരണയായി
ഉയിരിന്നൊഴുക്കിൽ പിന്നോട്ടുപായും
എൻ കർമ്മങ്ങളോ അകന്നകലെയലെ
നൈമിഷിക്കമെങ്കിലും നോക്കുമോ ഒന്നു നീ
പുറകോട്ടു പയുന്ന ദൃശ്യങ്ങളെ
പല ചിരികളുണ്ടവിടെ
തീക്ഷ്ണമാം ആർത്തനാദവുമുണ്ടേ

എല്ലാമൊരൊഴുക്കിൽ പിറകോട്ടു
പായുന്നതിൻ പിന്നിലും
നിൻ കരങ്ങളല്ലേ ?
ശാശ്വതമെങ്കിലും ചോദിക്കയാണു ഞാൻ
ഈ യാത്രകൾക്കുമൊരറുതിയില്ലേ ?
അതോ അനശ്വരമായിട്ടൊരന്ത്യവുമില്ലേ ?.....
തേടി നടക്കുന്നതോ
നിൻ നിത്യകർമ്മം .

SHAHDA K.P 10. A

# നനഞ്ഞുണങ്ങിയപ്പോൾ

ആകാശം കണ്ണുനനച്ചു. എന്തോ വലിയ സങ്കടമുണ്ട് . പ്രധാനമായും ഭൂമിയിലെ മക്കളുടെ വിളയോട്ടമാകാം കാരണം . എന്താണെന്നറിയില്ല , കുറെ നേരം കരഞ്ഞു .



പക്ഷെ , പ്രശ്നമതല്ല . ഈ കണ്ണീർ ഒഴുകിപ്പോകാൻ വഴിയില്ല . കുറെയാളുകൾ ഇതിനിരകളായി . മിണ്ടാപ്രാണികളും മരങ്ങളും എല്ലാം മാനം കരയുന്നതു കണ്ടു. മല പൊട്ടിത്തെറിച്ചു .നദി നിറഞ്ഞൊഴുകി , എല്ലായിടത്തും വെള്ളം . ധനികൻ ദരിദ്രനും , ദരിദ്രൻ ധനികനും , അപമാനിക്കപ്പെട്ടവൻ ബഹുമാനിക്കപ്പെട്ടവനും , വെറുക്കപ്പെട്ടവൻ ഇഷ്ടപ്പെട്ടവനുമായി . എന്നാലും ഈ നേരം കണ്ട ഐക്യം..... വെറേതു നാടിനുണ്ട് ? നമ്മുടെ മാമല നാടിനല്ലാതെ....!

സിനിമ നടന്മാരും പണ്ഡിന്മാരും വ്യവസായികളും ജോലിക്കാരും പാമരന്മാരും ഒന്നായി കൈകോർത്തു . ഒരുപക്ഷെ ഇതുതന്നെയാവാം. ഇന്നത്തെ തിരിച്ചു

വരവിനു കാരണം.

പട്ടാളക്കാർക്കും എയർഫോഴ് സിനും എത്താനാകാത്തിടത്ത് മത്സ്യത്തൊഴിലാളികളെത്തി . പേടിപ്പെടുത്തുന്ന മുഖങ്ങളുള്ള ടിപ്പർ ലോറികളും പുഞ്ചിരിച്ചു കൈ കൊടുത്തുയർത്തി . വെറുപ്പിക്കപ്പെട്ട, അപമാനിക്കപ്പെട്ട ആനവണ്ടി താരമായി . ഹിന്ദുവും മുസൽമാനും ഒരു പാത്രത്തിൽ നിന്നുണ്ടു . ഇരയുംവേട്ടക്കാരനും ഒരേ ഭക്ഷണം കഴിച്ചു . ശത്രുക്കൾ ഒരേ പായയിലുറങ്ങിയെണീറ്റു . ഇത്തരത്തിൽ ഇന്നലെകളെ മറന്നു നാളെയെ പുലർത്താൻ ഊണും ഉറക്കവുമൊഴിച്ചു.

ഇതാണ് , നമ്മളാണ് ശരിക്കും മാതൃക.



Mohammed Zamil
8.M.

വികസനത്തിനപ്പുറം കാലം സംഘര്‍ഷങ്ങളെ മറികടന്ന ജനത . കേരള ശക്തി . ഇന്നു നാം കാണുന്ന ഒരോ മുഖത്തും തെളിയുന്ന പുഞ്ചിരി കോര്‍ത്തപിടിച്ച കൈയ്യിന്റെ ശക്തിയായിരുന്നു ഇന്ന്എല്ലാം പുനഃസ്ഥാപിക്കപ്പെട്ടു. അധികാരികളും ചേര്‍ന്നു നിന്നു .

പക്ഷെ,

ചെകുത്താന്‍ വീണ്ടും വന്നു . പല കാര്യങ്ങളിലും അവന്‍ ഭിന്നിപ്പിക്കല്‍ ഊര്‍ണിതമാക്കി . ഒരു സ്വപ്നം എന്ന പോലെ മിക്കവാറു കഴിഞ്ഞതു മറന്നു .അന്നു കണ്ട ആ ഐക്യം അതു തുടര്‍ന്നിരുന്നെങ്കില്‍ ഭാവി പ്രശോഭിക്കപ്പെടും . ഇനിയും ഇത്തരത്തിലുള്ള ദുരന്തങ്ങള്‍ ഇല്ലാതിരിക്കട്ടെ എന്ന് പ്രത്യാശിച്ചു കൊണ്ട് കേരളത്തിനൊരു ഹാപ്പി ബര്‍ത്ത്ഡേ പറയാം . കൈകോര്‍ത്ത് ഒരുമിച്ചുചേരാം .

നാളേക്കുവേണ്ടി.പ്രാർത്ഥിക്കാം ഇങ്ങനെയൊന്നും കാണാതിരിക്കാൻ.... –Abdul Rahoof Pk 10–I

# പ്രളയം ശേഷിപ്പിച്ച പാഠം



കേരളം മാത്രമല്ല എല്ലാ സംസ്ഥാനങ്ങളും തകരാൻ കാലം കുറച്ചു മാത്രം മതി . മറ്റ് രാജ്യങ്ങളിലെ ബഹുരാഷ്ട്രക്കമ്പനികൾ ആഗോളവൽകരണം ദുരുപയോഗം ചെയ്ത് നമ്മുടെ നാട്ടിൽ വന്ന് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് നമ്മുടെ തനതായ

കുടിൽവ്യവസായങ്ങളേയും തദ്ദേശീയ ഉൽപ്പാദനോപാദികളെ തകർത്തെറിഞ്ഞു കൊണ്ടിരിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെ നാം തുരത്തിയോടിച്ച ബ്രിട്ടീഷുകാരുടെ പകരക്കാരായാണ് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബഹുരാഷ്ട്രക്കമ്പനികൾ നമ്മുടെ മണ്ണിൽ തമ്പടിച്ചത്.നമ്മുടെ നാട്ടിൽ നിർമ്മിച്ച് കൊണ്ടിരുന്ന പല ചെറുകിട ഉൽപന്നങ്ങളും ഇവരുടെ വരവോടെ മാറ്റി നിർത്തപ്പെട്ടു എന്ന സത്യം നാം മറക്കരുത്. കച്ചവടത്തിനായി 15-ാം നൂറ്റാണ്ടിൽ ഇന്ത്യയിലെത്തിയ യൂറോപ്പുകാർ പിന്നീട് അവരുടെ കാൽചുവട്ടിൽ കിടക്കുന്നവരായി ഇന്ത്യയെ കാണുകയും കച്ചവടാവശ്യത്തിനല്ലാതെ ഇന്ത്യയെ ഉപയോഗിക്കുകയും ചെയ്ത കാര്യം നാം ആരും മറന്നിട്ടില്ല. കുറച്ചുകാലത്തിനു ശേഷം വീണ്ടും നമ്മുടെ നാട്ടിലേക്ക് അവർ വന്നിരിക്കുന്നു.

പുതിയ പല തന്ത്രങ്ങളും അവർ പയറ്റാൻ തുടങ്ങിയിരിക്കുന്നു.നമ്മുടെ നാട്ടിലെ കുന്നുകളും പാടങ്ങളും നികത്തിയാണ് അവർ അവരുടെ കെട്ടിടങ്ങൾ സ്ഥാപിച്ചത്.അതിന്റെ തുടക്കം മാത്രമാണ് കുറച്ച് മാസങ്ങൾക്ക് മുമ്പ് കണ്ട 'മഹാപ്രളയം'.

ഇന്ന് നമ്മുടെ നാട്ടിലെ പരിഷ്കൃത പുതുതലമുറയടക്കം അവരുടെ ഉൽപ്പന്നങ്ങളാണ്.ജൈവ ആവാസവ്യവസ്ഥയെ നശിപ്പിക്കുന്ന തരത്തിലുള്ള പലതരം അസംസ്കൃത വസ്തുക്കളും അവർ ഉപയോഗിക്കുന്നു. ലാഭം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഇത്തരം മുതലാളിത്ത കമ്പനികൾക്കെതിരെ മത - സാമൂഹിക – ലിംഗ – പ്രദേശ – രാഷ്ട്രീയ വ്യത്യാസമന്യേ നാം പോരാടേണ്ടത് അത്യാവശ്യമാണ്.

ബഹുരാഷ്ട്രക്കമ്പനികൾ മൂലം നമ്മുടെ നാട്ടിൽ പട്ടിണിയായത് പാരമ്പര്യേതര ചെറുകിടവ്യവസായ ശാലകളാണ്. 'ഏകലോകം' എന്ന ആശയം

ധാരാളം ജനങ്ങളേയും പ്രകൃതിയേയും നശിപ്പിക്കുന്നു. പ്രളയം വന്നപ്പോൾ കേരളത്തിന്റെ ഐക്യം നാം ഒന്നിച്ച് കണ്ടതാണ്. ഇതേ ഐക്യം തന്നെ മാനവരാശിക്ക് ഭീഷണിയായി വളർന്നു വരുന്ന വൻകിട വ്യവസായങ്ങൾക്കെതിരെ നാം പ്രയോഗിക്കേണ്ട സമയം അതിക്രമിച്ചു എന്ന സത്യം നാം മനസിലാക്കേണ്ടതുണ്ട്.

നവകേരള സൃഷ്ടികൾ

vidhukiran . m
10-I

# *LONELY WAYS*

*It is a story of mine which is not taken from any of other's works. Life is a journey in which we are walking through. There are lot of stones and thorns along the way. But we are not ready to stop the journey itself. Travelling very fast frightening with struggles and other obstacles on the way. Till we reach at tomb. Thus a big*

*war ends. Its all of our life. I was on the way to the death and I looked back carried to go a long ago to the busy life full of quarrels. Now I reached at the end of my journey. I am going to die. The death is waiting curiously to true me to the world of heaven. But I continuously fought with him. Now itself lam in the mouse of angels fighting with the villain death who played a great role in the dream of my life .*

*I am fight with it, yes I am a blood cancer patient many years of ago he came to my life with out my permission I ran as fast I can, but he caught me. Now I have been staying with the angels in the hospital I can repeat the sentence " I am on the way"and I looked back . Now I am busy thinking of my past. The lovely, merciful, cheerful childhood came to my mind. Yes, nothing other than child hood can feed my hopes . What a happiest day days were they!*

*I am very happy to think of my childhood. Happiest moments...ever . Its the age in which we are very closest to our mother's. What's mother's decision, it is ours also . There was not time to get angry with any one*

*Every one was my friends. Then slowly we all passed to*

the youth to be its dangerous level to be thought of every bad thoughts. Then I came to my life happy life and at last I took my foot steps to the loneliest level its the old eye. Now I am busy with my fights Now I am so looking back to the happiest moments in my life.
How happy I was, now I am lonely fighting with him the cruel character who came and uproot my all thoughts. Now I realized of the honey that I
was drinking along the journey named 'Life'. The journey was filled with happy, sad moments. Now I am lonely in the way to my goal no more any feelings only the thoughts of loneliness. I am alone in my life where's my sons and daughters all left me in these four walls.
But I am sure that my children will come to take me back as a reward for the love that I gave them. In the starting itself. I told you that its the story of mine alone. The story of a campier patient loneliness the toughest part to be passed by all of us. The journey continues with a lot of thoughts and the coming events to experience. Thought of my children will come to take me into the happy way.

SANA 7- D

# ചങ്ങാടം

എന്തൊക്കെയോ ആരവങ്ങൾ ഉയർന്നപ്പോൾ
നേതാവ് എല്ലാവരോടും ജാഗ്രത പാലിക്കാൻ
നിർദേശിച്ചു . ഇവയുമൊരു പ്രളയമാണോ ?
അവരെല്ലാം കഴിഞ്ഞ് പോയതിനെ അറിയാതെ
ഒന്ന് സ്മരിച്ച് പോയി . മഴക്ക് ഒട്ടും കുറവില്ല .
എല്ലാ ഉറുമ്പുകളും ചങ്ങാടമായി
പ്രളയക്കെടുതിയിലേക്ക് ഇറങ്ങി .
നേതവുൾപ്പടെയുള്ള എല്ലവരും
ഒരുമ്പെട്ടിറങ്ങിയത് സ്വയം
രക്ഷക്കായിരുന്നുന്നില്ല മറിച്ച് പ്രളയത്തിന്റെ
മരണച്ചുഴിലേക്ക് ഒലിച്ച് പോകുന്നവരെ
തിരിചെടുക്കാനയിരുന്നു . പകലന്തിയോളം

തൊഴിലെടുത്ത് ഉറക്കമില്ലാത്ത ആ ഉറുമ്പുകൾ അന്നത്തെ ഉറക്കമില്ലായ്മക്ക് ഒരു വിഷയമായി തോന്നിയില്ല . സുരക്ഷാ പ്രവർത്തനങ്ങൾ വാരങ്ങൾ പിന്നിട്ടു  ഒരു ജനതയേ തന്നെ അവർക്ക് രക്ഷിക്കാൻ കഴിഞ്ഞു പൊതു സമൂഹവും അവരെ ബഹുമാനിക്കുകയും ചെയ്തു തന്റെ പുറ്റുകളിലേക്ക് കരിമണലിന് വേണ്ടി കൈയിട്ട് വാരാൻ വരുന്ന ജീനികളെ കണ്ട നേതാവ് നടുങ്ങി  , ഇത് പ്രളയമല്ല , ജനങ്ങൾ അപ്പോൾ , പണിമുടക്കിന്റെ തിരക്കിലായിരിന്നു ......!  MUHAMMED NIHAL 10 A

# മന്ദഹാസം

എൻ ജനലഴികളില്ലൂടെ കണ്ണും
നട്ട് നോക്കിയിരിക്കവെ
ഒരു ചിന്ത എൻ നെഞ്ചിൽ
ജനിച്ചു വളർന്നു.

ദൈവമേ... ഈ സുന്ദരമായ്  തിളങ്ങുന്ന
പ്രകൃതിയെ ആണല്ലോ മനുഷ്യൻ
തീ തീറ്റിക്കുന്നത്.
പ്രകൃതി മരിച്ചാൽ ഈ സുന്ദര ഭൂമി

ഇന്ന് യുദ്ധങ്ങളിൽ
മൃത്യു വരിച്ചയോദ്ധാക്കളെ പോലെ
തളർന്നു കിടക്കുമല്ലോ ഭൂമി

എൻ യാതനകൾക്കൊരുത്തരം
ലഭിക്കുവാനായി ഞാൻ
മുറ്റത്തൊരു കുഞ്ഞുതൈ നോക്കി
ഞാൻ പുഞ്ചിരിക്കവെ

കണ്ടു ഞാൻ
എന്റെ കുഞ്ഞുതൈ
മെല്ലെ തലയുയർത്തി നോക്കിട്ടേന്നോട്
മന്ദഹാസിക്കുന്നത്

Shifana Thasneem
9-B

എ.കെ.എമ്മിന്റെ ലിറ്റിൽ കൈറ്റ്സ് പകർത്തിയ ചിത്രങ്ങൾ



# നല്ല പാഠം



# kalam day celebration



# sports team



# പുസ്തകത്തൊട്ടിൽ





# നടീൽ ഉത്സവം



# swimming practice class



# atal thinkers lab



•




ലിറ്റിൽ ൈ

# handy craft team



# KARATE TEAM



Swimming pool




















## ***Our Presents in manorama yuva mastermind***

# യുവ മാസ്റ്റർമൈൻഡ്; തൃശൂർ വിമല കോളജും കോട്ടൂർ എകെഎംഎച്ച്എസ്എസും ജേതാക്കൾ

Sunday 20 January 2019 02:07 PM IST

by മനോരമ ലേഖകൻ






യുവ മാസ്റ്റർമൈൻഡ് സീസൺ 9 ഫൈനൽ വിജയികൾ ഐഎസ്ആർഒ മേധാവി കെ.ശിവനൊപ്പം.

Text Size

കൊച്ചി● മലയാള മനോരമ– ഐബിഎസ് യുവ മാസ്റ്റർമൈൻഡ് സീസൺ 9 ഗ്രാൻഡ് ഫിനാലെയിൽ മികച്ച പ്രോജക്ടിനുള്ള പുരസ്കാരങ്ങൾ തൃശൂർ വിമല കോളജും മലപ്പുറം കോട്ടൂർ എകെഎംഎച്ച്എസ്എസും സ്വന്തമാക്കി. പൊതു വിഭാഗത്തിനുള്ള അമൽ ജ്യോതി പുരസ്കാരം ഡോ. ജോൺ ഏബ്രഹാം സ്വന്തമാക്കി.


MASTER MIND
SEASON 6
FIRST PRIZE
Date 20/01/2019
PAY A.K.M.H.S.S. KOTTOOR
RUPEES ONE LAKH ONLY
₹ 1,00000
Malayala Manorama
Managing Editor


Powered by
ibs
Inventing future
FIRST PRIZE
PAY A.K.M.H.S.S. KOTTOOR
RUPEES ONE LAKH ONLY
₹ 1,00000
Malayala Manorama




# thanks

# for

# all




LITTLE KITES
E-MAGAZINE